بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Khulasa 02.02.18 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

*2.02.18 ന് ബൈത്തുൽ ഫുത്തൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം*

തശഹ്ഹുദും ത അവ്വുദും സൂറ: ഫാത്തിഹയും ഓതിയതിനു ശേഷം ഹുസൂർ തിരുമനസ്സ് സൂറ: മുഅ്മിനിലെ ഒന്നു മുതൽ നാലുവരെയുള്ള വചനങ്ങളും സൂറ: അൽബഖറയിലെ 256 ാമത്തെ വചനവും പാരായണം ചെയ്തു അവയുടെ അർഥം ഇപ്രകാരമാണ്.

*ഹാ മീം.* ഈ ഗ്രന്ഥത്തിന്റെ അവതരണം പ്രതാപവാനും സർവജ്ഞനുമായ അല്ലാഹുവിൽ നിന്നാകുന്നു. പാപം പൊറുക്കുന്നവനും പശ്ചാത്താപം സ്വീകരിക്കുന്നവനും കഠിനമായി ശിക്ഷിക്കുന്നവനും ഔദാര്യമുടയവനുമത്രേ അവൻ. അവനല്ലാതെ ഒരാരാധ്യനുമില്ല. അവനിലേക്കാണ് അന്തിമ മടക്കം.

രണ്ടാമത്തെ ആയത്ത്, ആയത്തുൽ കുർസി ആണ്. അതിന്റെ അർഥം ഇപ്രകാരമാണ്: അല്ലാഹു, അവനല്ലാതെ മറ്റൊരാധ്യനില്ല. അവൻ എന്നെന്നും ജീവിച്ചിരിക്കുന്നവനും സ്വയം നിലനിൽക്കുന്നവനുമാകുന്നു. ഉറക്കമോ മയക്കമോ അവനെ ബാധിക്കുന്നില്ല. ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അവന്റേതാണ്. അവന്റെ അനുവാദം കൂടാതെ അവന്റെയടുക്കൽ ശുപാർശ ചെയ്യുന്നവൻ ആരുണ്ട്? അവരുടെ മുൻപിലുള്ളതും പിൻപിലുള്ളതും അവൻ അറിയുന്നു. അവന്റെ അറിവിൽ നിന്ന് അവൻ ഉദ്ദേശിച്ചതല്ലാതെ യാതൊന്നും അവർ പ്രാപിക്കുന്നില്ല. അവന്റെ സിംഹാസനം ആകാശങ്ങളിലും ഭൂമിയിലും വ്യാപിച്ചു നില്ക്കുന്നു. അവയുടെ സംരക്ഷണം അവനെ ക്ഷീണിപ്പിക്കുന്നില്ല. അവൻ അത്യുന്നതനും മഹാനുഭാവനുമാകുന്നു.

ഹുസൂർ തിരുമനസ്സ് പറഞ്ഞു: ചില ദൈവിക ഗുണങ്ങളെക്കുറിച്ചാണ് ഈ വചനങ്ങളിൽ പ്രതിപാദിച്ചിരിക്കുന്നത്. ദൈവത്തിന്റെ മഹത്ത്വവും ശ്രേഷ്ഠതയും വിവരിക്കപ്പെട്ടിരിക്കുന്നു. ഹദീസുകളിൽ ഈ വചനങ്ങളുടെ പ്രാധാന്യത്തെസ്സംബന്ധിച്ച നിർദേശം കാണാം. ഹദ്റത്ത് അബൂഹുറൈറ(റ) നിവേദനം ചെയ്യുന്നു: നബി(സ) തിരുമേനി പറഞ്ഞു: ഹാമീം തൊട്ട് ഇലൈഹിൽ മസ്വീർ വരെയുള്ള ഭാഗവും ആയത്തുൽ കുർസിയും പ്രഭാതസമയം പാരായണം ചെയ്യുന്നവൻ പ്രദോശം വരെ അവ മുഖേന പരിരക്ഷിക്കപ്പെടുന്നതാണ്. ഇവ രണ്ടിനെയും പ്രദോശത്തിൽ പാരായണം ചെയ്യുന്നവൻ അവ മുഖേന പ്രഭാതം വരെയും സംരക്ഷിക്കപ്പെടുന്നതാണ്.

സൂറ: അൽ മുഅ്മിനിലെ രണ്ടാമത്തെ വചനമാണ് ഹാം മീം. സംക്ഷേപസംജ്ഞകളാ(ചുരുക്കാക്ഷരങ്ങൾ)ണിവ. ഇവിടെ പറഞ്ഞിരിക്കുന്ന ഹാമീം എന്നത് ഹമീദ്, മജീദ് എന്നീ പദങ്ങളെയാണ് കുറിക്കുന്നത്. സ്തുത്യർഹൻ, യഥാർഥ സ്തുതി ഏറ്റവും യോജിക്കുന്നവൻ എന്നൊക്കെയാണ് ഹമീദ് എന്ന പദത്തിനർഥം. അതായത്, സർവസ്തുതിക്കും അനുയോജ്യൻ അല്ലാഹുമാത്രമാണ്. ഹംദ് എന്ന പദത്തെ വിശദീകരിച്ചു കൊണ്ട് വാഗ്ദത്ത മസീഹ്(അ) പറയുന്നു: സ്തുതിക്ക് അർഹനായ വ്യക്തിയുടെ പ്രശംസനീയമായ പ്രവൃത്തിയെ ശ്ലാഘിച്ചു കൊണ്ട് ചെയ്യുന്ന സ്തുതിയെയാണ് ഹംദ് എന്നു പറയുന്നത്. സ്വേച്ഛയാൽ അനുഗ്രഹം ചൊരിയുകയും ഔദാര്യം കാണിക്കുകയും ചെയ്യുന്നവനെ പ്രകീർത്തിക്കുന്നതിന്റെ പേരാണത്. യഥാർഥ സ്തുതി, അത് സർവാനുഗ്രഹങ്ങളുടെയും വെളിച്ചത്തിന്റെ ഉറവിടവും, അജ്ഞതയും നിർബന്ധിതാവസ്ഥയും മുഖേനയല്ലാതെ അറിഞ്ഞു കൊണ്ട് ഔദാര്യം ചൊരിയുന്നവനുമായ അസ്തിത്വത്തെയാണ് കുറിക്കുന്നത്. ഹംദ് എന്ന പദത്തിന്റെ ഈ അർഥം എല്ലാം അറിയുകയും കാണുകയും ചെയ്യുന്ന ദൈവത്തിൽ മാത്രമാണ് കാണപ്പെടുന്നത്. മുഹ്സിൻ(ഔദാര്യം ചൊരിയുന്നവൻ) അവൻ മാത്രമാണ്. ആദ്യത്തിലും അന്ത്യത്തിലുമുള്ള എല്ലാ ഔദാര്യങ്ങളും അവനിൽ നിന്നാണ് വരുന്നത്. സർവസ്തുതിയും അവനുള്ളതാണ്; ഈ ലോകത്തും പരലോകത്തും. മറ്റുള്ളവർക്കു വേണ്ടിയുള്ള എല്ലാ സ്തുതിയും മടങ്ങുന്നതും അവനിലേക്ക് തന്നെയാണ്.

ഹംദ് എന്ന പദത്തിൽ മറ്റൊരു സൂചനയും അടങ്ങിയിരിക്കുന്നു. അല്ലാഹു പറയുന്നു: എന്റെ ദാസരേ, എന്റെ ഗുണങ്ങൾ മുഖേന എന്നെ തിരിച്ചറിയുവിൻ. എന്റെ ശ്രേഷ്ഠഗുണങ്ങളാൽ എന്നെ വേർതിരിച്ച് മനസ്സിലാക്കുവിൻ. സർവസമ്പൂർണ ഗുണങ്ങളുടെയും മഹാത്മ്യങ്ങളുടെയും സമാഹാരമായി എന്നെ വിശ്വസിക്കുന്നവർ മാഹാത്മ്യം ദർശിക്കുന്നിടത്ത് തങ്ങളുടെ ചിന്തയുടെ പരമകോടിയിൽ ദൃശ്യമാകുന്ന ഏത് തേജോവിലാസത്തെയും അവർ എന്നിലേക്ക് ബന്ധപ്പെടുത്തുന്നു. എന്റെ ജ്ഞാനമാർഗത്തിൽ ചരിക്കുന്നവരാണിവർ. സത്യം ഇവരോടൊപ്പമാണ്. ഇവരാണ് വിജയിക്കുന്നവർ.

പറയുന്നു: അല്ലാഹു നിങ്ങളെ സൗഖ്യത്തിലാക്കുമാറാകട്ടെ. എഴുന്നേൽക്കുവിൻ, പ്രതാപവാനായ ദൈവത്തിന്റെ ഗുണങ്ങളെ അന്വേഷിച്ചു കൊണ്ടിരിക്കുവിൻ. ബുദ്ധിമാന്മാരെപ്പോലെയും വിവേകികളെപ്പോലെയും അവയിൽ ആഴത്തിൽ ചിന്തിക്കുവിൻ. എന്തെന്നാൽ, ഹംദ് എന്ന ഗുണത്തിന്റെ ഗ്രാഹ്യം ഉണ്ടായാൽ മാത്രമേ മറ്റു ഗുണങ്ങളെക്കുറിച്ചുള്ള ഗ്രാഹ്യവും ഉണ്ടാവുകയുള്ളു.

പറയുന്നു: നല്ലവണ്ണം സൂക്ഷിക്കുക. ശ്രേഷ്ഠതയുടെ എല്ലാ ഘടകങ്ങളെയും സസൂക്ഷ്മം വീക്ഷിക്കുക. അത്യാഗ്രഹിയായ മനുഷ്യൻ തന്റെ ആഗ്രഹനിവർത്തിക്കായി ആവേശപൂർവം അന്വേഷണം നടത്തുന്നതുപോലെ ഈ ലോകത്തിലെ ആന്തരത്തിലും ബാഹ്യത്തിലും അതിനെ അന്വേഷിക്കുക.

പറഞ്ഞു: നിങ്ങൾ അതിന്റെ സമ്പൂർണ ഔന്നിത്യത്തിലെത്തിയാൽ, അതിന്റെ പരിമളം പ്രാപിച്ചാൽ നിങ്ങൾ അവനെ പ്രാപിച്ചതു പോലെയാണ്. സന്മാർഗം അന്വേഷിക്കുന്നവ

ർക്ക് മാത്രം വെളിപ്പെടുന്ന രഹസ്യമാണിത്. ആകയാൽ, അല്ലാഹു സ്തുത്യർഹനാണെന്ന ഈയൊരു ഗ്രാഹ്യമാണ് നമുക്കുണ്ടാ കേണ്ടത്. അപ്പോൾ അല്ലാഹുവിന്റെ മറ്റു ഗുണ ങ്ങളെയും തിരി ച്ചറിയാൻ സാധിക്കുന്നതാണ്.

ശേഷം അല്ലാഹു പറയുന്നത് അവൻ മജീദാണ്, മഹത്വമു ടയവനാണ് എന്നാണ്. മനുഷ്യന് എത്തിപ്പെടാൻ സാധിക്കാ ത്ത വിധം സ്തുത്യർഹനും മഹത്വമുള്ളവനുവാണ് അവൻ എന്നാണ് ഇതു കൊണ്ടുദ്ദേശിക്കപ്പെടുന്നത്. അതിരില്ലാതെ അനുഗ്രഹം വർഷിക്കുന്നവർ. അവൻ നല്കുമ്പോൾ നല്കി ക്കൊണ്ടേ പോകുന്നു. അതിലവൻ ക്ഷീണിക്കുന്നില്ല. ആക യാൽ, ആയത്ത് ഓതുമ്പോൾ മഹത്ത്വവാനായ ദൈവത്തി ന്റെ ഈ അർഥം മുന്നിൽ വെക്കേണ്ടതാണ്. ആദ്യം ഹംദ് എന്നതിന്റെയും പിന്നീട് മജീദ് എന്നതിന്റെയും അർഥം മുന്നിൽ വെയ്ക്കേണ്ടതാണ്.

ശേഷം അല്ലാഹു പറഞ്ഞു: അവൻ അസീസ് ആണ്. അതാ യത് കഴിവുകളുടെ ഉടമസ്ഥനും ശക്തരിൽ ശക്തനുമാണ്. അജയ്യനാണവൻ. അവനെ തോല്പിക്കുക അസാധ്യം. എല്ലാ ബഹുമാനാദരങ്ങളും അവനുള്ളതാണ്. അവന്റെ മഹ ത്ത്വം അപരിമിതമാണ്. സർവവസ്തുക്കളെയും അതിജയി ക്കുന്നവനാണവൻ. അവനെപ്പോലെ ആരും ഉണ്ടാകവതല്ല. ഇതാണ് അസീസ് എന്നതിന്റെ അർഥം.

ശേഷം പറയുന്നു, അവൻ അലീം ആണ്. അതായത്, സർ വസംഗതികളെക്കുറിച്ചും അറിവുള്ളവനാണവൻ. ഭൂതവും ഭാവിയും അവൻ അറിയുന്നു. അവനിൽ നിന്ന് ഒന്നും ഗോ പ്യമല്ല. അവന്റെ ജ്ഞാനം സർവവസ്തുക്കളെയും വലയം ചെയ്തിരിക്കുന്നു. ഇങ്ങനെയുള്ള ദൈവമാണ് ഈ ഗ്രന്ഥം അതായത് വിശുദ്ധ ഖുർആൻ ഇറക്കിയിരിക്കുന്നത്. അവൻ അവസാന ന്യായപ്രമാണം ഇറക്കി. എല്ലാ കാലത്തെക്കും ആവശ്യമായ അറിവ് അവൻ അതിൽ ലഭ്യമാക്കി. ഇനി ഇതനുസരിച്ച് യഥാർഥ നിലയിൽ പ്രവർത്തിക്കുന്നതിലൂടെ മാത്രമാണ് എല്ലാ വിധത്തിലുള്ള പരിരക്ഷയും വിജയവും ലഭ്യമാവുക.

അതിനു ശേഷം പറയുന്നു: അവൻ ഗാഫിറു ദ്ദൻപ് ആകു ന്നു; പാപങ്ങൾ പൊറുക്കുന്നവൻ. അവനു മുൻപാകെ കുനി ഞ്ഞു കൊണ്ട് പാപപൊറുതി തേടേണ്ടതാണ്. തങ്ങളുടെ പൊറുക്കപ്പെടുന്നതിനു വേണ്ടി ദൈവത്തോട് സദാപാപ പൊറുതി തേടിക്കൊണ്ടിരിക്കണമെന്ന് വാഗ്ദത്ത മസീ ഹ്(അ) ഒരുപാട് സ്ഥലങ്ങളിൽ വിവരിച്ചിട്ടുണ്ട്. ഒരിക്കൽ അവിടുന്ന് പറഞ്ഞു: മനുഷ്യന് ലഭിക്കുന്ന വെളിച്ചം താത്ക്കാ ലികമാണ്. അതായത്, മനുഷ്യന് ലഭിക്കുന്ന ആത്മീയവും മതപരവുമായ ഏതൊരു വെളിച്ചവും താത്ക്കാലികമാണ്. അതിനെ എപ്പോഴും കൂടെ നിർത്തുന്നതിന് ഇസ്തിഗ്ഫാർ ചെയ്യേണ്ടതിന്റെ ആവശ്യകതയുണ്ട്.

പറയുന്നു: നിലവിൽ ദൈവത്തിൽ നിന്നു ലഭിച്ച പ്രകാശം സുരക്ഷിതമാക്കപ്പെടുകയും കൂടുതൽ ലഭിക്കുകയും ചെയ്യു ക എന്നതാണ് ഇസ്തിഗ്ഫാറിന്റെ അർഥം. അഞ്ചുനേര നമ സ്കാരം ഇതു കരഗതമാകാൻ വേണ്ടിയുള്ളതാണ്. അങ്ങനെ ചെയ്യുമ്പോൾ നിത്യവും മനസ്സു തുറന്നു കൊണ്ട് ദൈവ ത്തോട് ചോദിക്കാംല്ലോ. നമസ്കാരം മിഅ്റാജ് ആണെന്ന് അകക്കണ്ണുള്ളവർ അറിയുന്നു. നമസ്കാരത്തിൽ മനോനൊ മ്പരത്തോടെ, ഒരു നീറ്റലോടെ ചെയ്യപ്പെടുന്ന ദുആകൾ മു ഖേനയാണ് ഈ രോഗങ്ങളിൽ നിന്ന് മോചനം ലഭിക്കുന്നത്. അതായത് ശാരീരികവും ആത്മീയവുമായ എല്ലാവിധ രോഗ ങ്ങൾക്കും ദുആ അനിവാര്യമാണ്; ദുആകളിൽ ഇസ്തിഗ് ഫാർ ചെയ്യേണ്ട ആവശ്യകതയുണ്ട്. ഇതിന്റെ തന്നെ ഭാഗ മാണ് നമസ്കാരവും.

ഈ വചനങ്ങൾ പാരായണം ചെയ്യണമെന്ന് നബിതിരു മേനി(സ) പറയുമ്പോൾ അത് ഓതുന്നതു കൊണ്ടു മാത്രം കാര്യമായില്ല; കർമപരമായ അവസ്ഥയും മെച്ചപ്പെടുത്തേണ്ട താണ്. നാം എങ്ങനെയാണ് ഇസ്തിഗ്ഫാർ ചെയ്യേണ്ടത്, നാം സുരക്ഷിതരായിരിക്കുന്നതിനു വേണ്ടി എങ്ങനെയാണ് നമസ്കാരത്തെ സംരക്ഷിക്കേണ്ടത് എന്ന കാര്യം നാം സ്വയം ശ്രദ്ധിക്കേണ്ടതാണ്.

വാഗ്ദത്ത മസീഹ്(അ) പറയുന്നു: ബാഹ്യത്തിൽ ഒരു പാപ വും ഉണ്ടാകാതിരിക്കുകയും പാപം ചെയ്യാനുള്ള കഴിവുകൾ വെളിപ്പെടാതിരിക്കുകയും ചെയ്യുക എന്നാണ് ഇസ്തിഗ്ഫാ ർ അർഥമാക്കുന്നത്. തന്നിൽ നിന്ന് സംഭവിച്ചു പോയ തെറ്റു കുറ്റങ്ങൾക്ക് ശിക്ഷ ലഭിക്കരുതേ എന്ന് ഹൃദയാത്മനാ മാപ്പ പേക്ഷിച്ചു കൊണ്ടിരിക്കേണ്ടതാണ്. തിന്മയിൽ നിന്ന് രക്ഷി ച്ചു കൊണ്ട് ഭാവിയിൽ നന്മകൾ ചെയ്യാനുള്ള തൗഫീഖ് ലഭി ക്കുന്നതിന് മനുഷ്യൻ മനസ്സിന്റെ അന്തരാളങ്ങളിൽ നിന്ന് ദൈവത്തോടു സഹായം അർഥിച്ചു കൊണ്ടിരിക്കേണ്ടതാണ്. ഹൃദയത്തിൽ ഒരു ഉത്സാഹം സംജാതമാക്കണം. മനസ്സിൽ നിന്ന് നിർഗളിക്കുന്ന വാക്കുകളാണ് ദൈവത്തിലേക്കെത്തു ന്നത്. ദൈവത്തോട് സ്വന്തം ഭാഷയിൽ തന്നെ പ്രാർഥിക്കേ ണ്ടതാണ്. അതു മനസ്സിലും പ്രഭാവം ചെലുത്തുന്നു.

ഹുസൂർ തിരുമനസ്സ് പറഞ്ഞു: ആകയാൽ, ഇസ്തിഗ്ഫാർ ചെയ്യുകയും അതിന്റെ ആത്മാവ് മനസ്സിലാക്കാനുള്ള ഗ്രാ ഹ്യം സംജാതമാക്കുകയും ചെയ്യേണ്ടതുണ്ട്. കർമപരമായ അവസ്ഥ മെച്ചപ്പെടുത്താനുള്ള ശ്രമം ഉണ്ടെങ്കിൽ മാത്രമേ അതോടൊപ്പം നിർവഹിക്കുന്ന ദിക്ക്റുകളും പ്രാർഥനകളും പ്രയോജനം ചെയ്യുകയുള്ളു. ഞങ്ങൾ ചൊല്ലേണ്ട ചെറിയ ദുആ വല്ലതും പറഞ്ഞു കൊടുക്കാൻ ജനങ്ങൾ പറയാറുണ്ട്.

നിർബന്ധ കർമങ്ങൾ നിർവഹിക്കപ്പെടുന്നുണ്ടെങ്കിലേ ചെറിയ ദുആ പോലും ഗുണം ചെയ്യുകയുള്ളു. നമസ്കാരം കൃത്യമായി ഒരു ഉത്സാഹത്തോടെ നിർവഹിക്കപ്പെടുകയാ ണെങ്കിൽ ദിക്റുകളും ഫലം ചെയ്യുന്നതാണ്.

ഖാബിലുത്തൗബ് എന്നതാന് അല്ലാഹുവിന്റെ മറ്റൊരു ഗുണനാമം. അവൻ തൗബ സ്വീകരിക്കുന്നവനാണ്. താൻ ചെയ്ത പാപങ്ങൾക്ക് മാപ്പപേക്ഷിച്ചു കൊണ്ട് ദൈവത്തി ലേക്ക് തിരിയുക എന്നതാണ് തൗബയുടെ അർഥം. താൻ ഇനി ഒരു പാപവും ചെയ്യുകയില്ലെന്നും പാപം ചെയ്യുന്ന തിൽ നിന്ന് എപ്പോഴും വിട്ടു നില്ക്കാൻ ശ്രമിക്കുന്നതാണെ ന്നുമുള്ള പ്രതിജ്ഞയോടെ ഒരാൾ ദൈവസമക്ഷം ഹാജരാ കുമ്പോൾ ഉത്സാഹവത്തോടും ദൃഢനിശ്ചയത്തോടും ദൈവ ത്തിലേക്ക് അടുക്കുന്നവന്റെ തൗബ സ്വീകരിക്കുന്നു. വാഗ് ദത്ത മസീഹ്(അ) പറയുന്നു: ജുമുഅയെക്കാളും രണ്ടു പെരു ന്നാൾദിനത്തേക്കാളും ഉന്നതവും അനുഗൃഹീതവുമായ ആ

ദിനം ഏതാണെന്നറിയുമോ? ഞാൻ നിങ്ങളോടു പറയുന്നു, ആ ദിനം മനുഷ്യന്റെ തൗബയുടെ ദിനമാണ്. എല്ലാറ്റിനേക്കാളും എല്ലാ ഈദിനേക്കാളും ഉന്നതമാണത്. എന്തുകൊണ്ടെന്നാൽ, മനുഷ്യനെ നരകത്തോടടുപ്പിക്കുന്ന, ദൈവകോപത്തിനിരയാക്കുന്ന കർമപുസ്തകം ശുദ്ധമാക്കപ്പെടുകയും അവന്റെ പാപങ്ങൾ മാപ്പാക്കപ്പെടുകയും ചെയ്യുന്ന ദിനമാണത്. അല്ലാഹു പറയുന്നു: *ഇന്നല്ലാഹ യുഹിബ്ബുത്തവ്വാബീന വയുഹിബ്ബുൽ മുതത്വഹ്ഹിരീൻ.* തീർച്ചയായും അല്ലാഹു തൗബ ചെയ്യുന്നവരെയും പരിശുദ്ധി അവലംബിക്കുന്നവരെയും ഇഷ്ടപ്പെടുന്നു. അല്ലാഹു തൗബ ചെയ്യുന്നവരെ ഇഷ്ടപ്പെടുന്നു എന്ന് മാത്രമല്ല ഇതിൽ നിന്ന് മനസ്സിലാകുന്നത്. മറിച്ച്, യഥാർഥ തൗബ യഥാർഥ പരിശുദ്ധിയെ ആശ്രയിച്ചിരിക്കുന്നു. എല്ലാ വിധത്തിലുള്ള മാലിന്യങ്ങളിൽ നിന്നും മ്ലേച്ഛതയിൽ നിന്നും അകന്നു നില്ക്കേണ്ടത് ഇതിന് അനിവാര്യമായ നിബന്ധനയാണ്. അല്ലാത്ത പക്ഷം, വെറും പദക്കസർത്തു കൊണ്ടുള്ള തൗബ ഒരു പ്രയോജനവും ചെയ്യുകയില്ല. മനുഷ്യൻ തന്റെ ദുഷ്ചെയ്തികളിൽ നിന്ന് തൗബ ചെയ്തു കൊണ്ട് ദൈവത്തോട് അനുരഞ്ജനത്തിന്റെ പ്രതിജ്ഞ ചെയ്യുകയും ദൈവകല്പനകൾക്കു മുൻപിൽ തല കുനിക്കുകയും ചെയ്യുന്ന അനുഗൃഹീത ദിനമാവുമ്പോൾ അവൻ ചെയ്ത് ദുഷ്കർമത്തിന്റെ ഫലമായി ഗോപ്യമായ നിലയിൽ തയാറാക്കപ്പെടുന്ന ശിക്ഷയിൽ നിന്ന് രക്ഷപ്പെടുമെന്ന കാര്യത്തിൽ സംശയിക്കാനെന്തിരിക്കുന്നു. ഇങ്ങനെ അവൻ പ്രതീക്ഷിക്കാൻ പോലും സാധിക്കാത്ത സംഗതികൾ കരസ്ഥമാക്കുന്നു.

പരമകാരുണികനും കരുണാമയനുമാണ് അല്ലാഹു. ഒരു പാപത്തിന് പകരമായി പല തലമുറകലെയും വിടാതെ പിന്തുടർന്ന് നശിപ്പിക്കുന്ന മനുഷ്യനെപ്പോലെ അവൻ കഠിന ഹൃദയനല്ല. കാരുണ്യവാനായ ദൈവം എഴുപത് വർഷത്തെ പാപങ്ങൾ പോലും ഒരൊറ്റ വാക്കു കൊണ്ട് ഒരു നിമിഷത്തിനുള്ളിൽ പൊറുത്തു കൊടുക്കുന്നവനാണ്.

ശേഷം പറയുന്നു, അവൻ ദവിത്വൗൽ ആകുന്നു. അതായത്, അവൻ ഒരുപാട് നല്കുന്നവനാണ്. അങ്ങേയറ്റം നന്മ കനിഞ്ഞരുളുന്നവനാണവൻ. അവന്റെ ഔദാര്യങ്ങൾക്ക് അതിരില്ല. എന്തെന്നാൽ, തന്റെ ശക്തിപ്രഭാവത്താൽ സർവവും നല്കാൻ കഴിവുള്ളവനാണവൻ. അവന്റെ ഖജനാവ് അപരിമിതമാണ്. എന്റെ ഈ ഗുണനാമങ്ങളെ നിങ്ങൾ സ്മരിച്ചു കൊണ്ടിരിക്കുകയാണെങ്കിൽ സദാ അനുഗ്രഹങ്ങൾ ലഭിക്കുമാറാകുമെന്ന് അല്ലാഹു പറയുന്നു. അവനല്ലാതെ ഇത്രമാത്രം ശക്തിയുള്ള മറ്റൊരു അസ്തിത്വമില്ല. നാം ഈ ലോകത്തും മരിച്ചതിനു ശേഷവും അവനിലേക്കു തന്നെയാണ് മടങ്ങേണ്ടത്. അല്ലാഹുവിലേക്ക് തന്നെയാണ് മടങ്ങേണ്ടതെന്ന ബോധം ഉണ്ടായാൽ നന്മ ചെയ്യാനും അവന്റെ കല്പനകളനുസരിച്ച് ജീവിക്കാനുമുള്ള ശ്രദ്ധയുണ്ടാകും. ഈയൊരവസ്ഥയുണ്ടായാൽ അല്ലാഹുവിന്റെ പരിരക്ഷ തീർച്ചയായും ഉണ്ടാകുന്നതാണ്.

ഇനിയുള്ളത് ആയത്തുൽ കുർസിയാണ്. ഇതു സംബന്ധമായി ഹദ്റത്ത് അബൂഹുറൈറയിൽ നിന്ന് നിവേദനം: നബി(സ)തിരുമേനി പറഞ്ഞു: എല്ലാ വസ്തുവിനും ഒരഗ്രിമസ്ഥാനമുണ്ട്, വിശുദ്ധ ഖുർആന്റെ അഗ്രിമസ്ഥാനം സൂറ: ബക്കറയാണ്. വിശുദ്ധ ഖുർ ആനിലെ എല്ലാ വചനങ്ങളുടെയും നേതാവായ ഒരു വചനം അതിലുണ്ട്. ആ വചനം ആയത്തുൽ കുർസിയാണ്. ഇതിനെ വിശദീകരിച്ചു കൊണ്ട് വാഗ്ദത്ത മസീഹ്(അ) പറയുന്നു: *അല്ലാഹു ലാ ഇലാഹ ഇല്ലാ ഹുവൽ ഹയ്യുൽ ഖയ്യൂം.* അതായത്, അല്ലാഹു, അവനല്ലാതെ മറ്റൊരാധ്യനില്ല. എല്ലാ ജീവന്റെയും ജീവനും എല്ലാറ്റിന്റെയും തുണയുമാണ് അവൻ. അവൻ തന്നെയാന് ജീവിച്ചിരിക്കുന്നവനും സ്വയം നിലനിൽക്കുന്നവനും. ജീവിച്ചിരിക്കുന്നവനും സ്വയം നിലനിൽക്കുന്നവനും അവൻ മാത്രമാകുമ്പോൾ അവനല്ലാതെ ജീവനുള്ളതായി കാണപ്പെടുന്ന ഓരോ വ്യക്തിയും അപ്രകാരം ആത്തീർന്നിരിക്കുന്നത് അവന്റെ ജീവിതം കാരണമാണെന്ന് പ്രസ്പഷ്ടമാണ്. ആകാശഭൂമികളിലുള്ള സർവതിനെയും നിലനിർത്തുന്നത് അവനാണ്. അവരുടെ നിലനില്പ് തന്നെ അവനെയാണ് ആശ്രയിച്ചിരിക്കുന്നത്.

വീണ്ടും വിശദീകരണം നല്കിക്കൊണ്ട് അവിടുന്ന് പറയുന്നു: അല്ലാഹുവിന്റെ രണ്ടു നാമങ്ങൾ വിശുദ്ധ ഖുർ ആൻ അവതരിപ്പിക്കുന്നു എന്ന കാര്യം മനസ്സിലാക്കേണ്ടതാണ്. *അൽ ഹയ്യ്, അൽഖയ്യൂം.* ദൈവം ജീവിച്ചിരിക്കുന്നവനും മറ്റുള്ളവർക്ക് ജീവൻ നല്കുന്നവനുമാണ് എന്നാണ് അൽ ഹയ്യ് എന്നതിന്നർഥം. അൽഖയ്യൂം എന്നാൽ സ്വയം നിലനില്ക്കുന്നവൻ, മറ്റുള്ളവരുടെ നിലനില്പിന് കാരണഭൂതൻ. ഓരോ വസ്തുവിന്റെയും ജീവിതവും നിലനില്പും ഈ രണ്ട് ഗുണനാമങ്ങൾ മുഖാന്തരമാണ്. ആകയാൽ ഹയ്യ് എന്ന പദം ആരാധിക്കപ്പെടാൻ അർഹനാക്കുന്നു. സൂറ: ഫാതിഹയിലെ *ഇയ്യാക്ക നഅ്ബുദു* എന്നത് ഇതിന്റെ പ്രതീകമാണ്. അതുപോലെ, അൽഖയ്യൂം ആവശ്യപ്പെടുന്നത് അവനോട് സഹായം തേടാനാണ്. *ഇയ്യാക്ക നസ്തഈൻ* മുഖേന അതു നിർവഹിക്കപ്പെട്ടിരിക്കുന്നു.

ആയത്തുൽ കുർസിയിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്ന ശഫാഅത്തിനെ(ശുപാർശ)ക്കുറിച്ച് വിശദീകരിച്ചു കൊണ്ട് അവിടുന്ന് ഇപ്രകാരം പറഞ്ഞു: മനുഷ്യൻ മറ്റുള്ളവർക്കു വേണ്ടി പ്രാർഥിക്കുമ്പോഴും അതും ഒരുവിധത്തിൽ ശഫാഅത്താണ്. ഒരു വിശ്വാസിയിൽ എപ്പോഴും ദുആ ചെയ്യുന്ന ഈ ഗുണം ഉണ്ടായിരിക്കേണ്ടതാണ്. അല്ലാഹുവിന്റെ മുന്നിൽ കൂടുതൽ കുനിയുന്നവൻ തന്റെ സഹോദരനും ആ പദവി ലഭിക്കുന്നതിനു വേണ്ടി പ്രാർഥിക്കണം എന്നതാണ് വിശുദ്ധ ഖുർആന്റെ കല്പന. ഇതാണ് ശഫാ അത്തിന്റെ യാഥാർഥ്യം. അതു കൊണ്ടു നാം സ്വസഹോദരങ്ങൾക്കു വേണ്ടി അവർക്ക് കഴിവു ലഭിക്കാനും ദുരിതങ്ങൾ അകലാനും തീർച്ചയായും പ്രാർഥിക്കേണ്ടതാണ്. ഒരു വിധത്തിലുള്ള അനുകമ്പയാണത്.

ശേഷം അവിടുന്ന് പറഞ്ഞു: എല്ലാ മനുഷ്യരും ഒരു ശരീരം പോലെയാണ്. അതുകൊണ്ടാണ് ശഫാഅത്ത് സ്വീകരിക്കാനുള്ള അധികാരം അല്ലാഹുവിനാണെങ്കിലും നിങ്ങൾ സ്വസഹോദരന്മാർക്കു വേണ്ടിയുള്ള ശഫാഅത്തിൽ, അതായത് അവർക്കു വേണ്ടി പ്രാർഥിക്കുന്നതിൽ മുഴുകുകയും നിങ്ങൾ പരസ്പരം കടമകളുള്ളവരായതിനാൽ അനുകമ്പാർദമായ പ്രാർഥന ചെയ്തു കൊണ്ടിരിക്കുകയും ചെയ്യുക എന്ന്

അല്ലാഹു ആവർത്തിച്ചു പറഞ്ഞിരിക്കുന്നത്. പരസ്പരം അങ്ങേയറ്റം അനുകമ്പ കാണിക്കുന്നവരായിരിക്കണം നാം.

അവിടുന്ന പറഞ്ഞു: ദീനിന് രണ്ടു ഭാഗങ്ങളുണ്ട്. ഒന്ന്, ദൈവത്തോടുള്ള സ്നേഹം. മറ്റൊന്ന്, സമസൃഷ്ടികളോടുള്ള സ്നേഹം. എത്രത്തോളമെന്നാൽ അവരുടെ ദുരിതങ്ങളെ സ്വന്തം ദുരിതങ്ങളായി മനസ്സിലാക്കിക്കൊണ്ട് അവർക്കു വേണ്ടി പ്രാർഥിക്കുക. ഇതിനെയാണ് മറ്റു വാക്കുകളിൽ ശഫാഅത്ത് എന്നു പറയുന്നത്. ആയത്തുൽ കുർസി പാരായണം ചെയ്യുമ്പോൾ ഈ കാര്യം നാം മുൻപിൽ വെയ്ക്കുകയാണെങ്കിൽ മാനവകുലത്തോടുള്ള സ്നേഹവിചാരം നമ്മിൽ വർദ്ധിക്കുന്നതാണ്. ഇതു പാരായണം ചെയ്യാൻ നബി(സ) ഉപദേശിച്ചപ്പോൾ അതിൽ വിശ്വാസികൾ പരസ്പരം അനുകമ്പയോടെ വർത്തിക്കണമെന്ന സവിശേഷമായ നിർദേശവും എല്ലാവരും പരസ്പരം സ്നേഹവിചാരം മനസ്സിൽ സൂക്ഷിക്കണമെന്ന പൊതു നിർദേശവും ഉൾക്കൊള്ളുന്നുണ്ട്.

ശഫാഅത്ത് എന്ന പദം വാസ്തവത്തിൽ ശഫഅ യിൽ നിന്ന് നിഷ്പന്നമാണ്. ഇരട്ടയ്ക്കാണ് ശഫഅ എന്നു പറയുന്നത്. മനുഷ്യൻ അങ്ങേയറ്റം അനുകമ്പയോടെ മറ്റുള്ളവരോട് ചേർന്നു കൊണ്ട് അവരിൽ വിലയം പ്രാപിക്കുകയും തന്റെ സൗഖ്യത്തിനു വേണ്ടി പ്രാർഥിക്കുന്നതു പോലെ തന്നെ മറ്റുള്ളവർക്കു വേണ്ടിയും പ്രാർഥിക്കുമ്പോഴാണ് അവൻ ശഫീഅ് എന്ന് പറയപ്പെടുന്നത്. ശഫാഅത്തിന്റെ രൂപത്തിലുള്ള അനുകമ്പ സംജാതമാകുന്നതു വരെ ഒരാളുടെ ദീൻ പൂർണമാവുകയില്ലെന്ന കാര്യം ഓർക്കേണ്ടതാണ്. ഈ ലോകത്ത് ശഫാഅത്തിന്റെ മാതൃക കാണിച്ചവനാണ് പരലോകത്ത് ശഫീഅ്(ശുപാർശകൻ) എന്ന് സ്ഥാപിക്കപ്പെടുകയുള്ളു. നബി(സ)തിരുമേനിയുടെ മാതൃകയിൽ നാം കണ്ണോടിക്കുമ്പോൾ തിരുമേനി ശഫീഅ് ആണെന്നത് തെളിഞ്ഞ രീതിയിൽ തന്നെ മനസ്സിലാക്കാവുന്നതാണ്. എന്തെന്നാൽ, തിരുമേനി(സ) ദരിദ്രരായ സഹാബാക്കളെ സിഹാസനത്തിലിരുത്തിയതും ലോകത്ത് സമാനതകളില്ലാത്ത വിധം അവർ ഏകദൈവവിശ്വാസികളായതും തിരുമേനിയെ പിൻപറ്റുന്നവർക്ക് ദൈവികവെളിപാടുകൾ ലഭിക്കുന്നതുമെല്ലാം നബി തിരുമേനി(സ)യുടെ ശഫാഅത്തിന്റെ സ്വാധീനത്താലായിരുന്നു.

ആയത്തുൽ കുർസിയുടെ അന്ത്യത്തിൽ രണ്ട് ദൈവിക ഗുണനാമങ്ങളെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്നു. അതായത്, അവൻ അലിയ്യുൻ ആകുന്നു. അങ്ങേയറ്റം മഹത്ത്വമുള്ളവൻ. അവനേക്കാൾ ഉന്നതമായ മഹത്ത്വം മറ്റാർക്കുമില്ല. ആകാശഭൂമികളുടെ ഉടമസ്ഥനാണവൻ.അവൻ മഹാനുഭാവനാകുന്നു. മറ്റാർക്കും എത്തിപ്പെടാൻ കഴിയാത്ത വിധം ഉയർന്നു നില്ക്കുന്നു അവന്റെ ശ്രേഷ്ഠതയും മഹത്ത്വവും. അവന്റെ ഉന്നതമായ മാഹാത്യം എല്ലാ വസ്തുക്കളെയും വലയം ചെയ്തിരിക്കുന്നു. അവന്റെ വൃത്തപരിധിയിൽ നിന്ന് ഒരു വസ്തുവും അന്യമല്ല. ഈ വചനത്തിന്റെ അവസാന ഭാഗത്തെ വിശദീകരിച്ചു കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: അല്ലാഹുവിന്റെ സിംഹാസനത്തെ സംബന്ധിച്ചുള്ള ആയത്ത് ഇതാണ്. *വസിഅ കുർസിയ്യുഹുസ്സമാവാത്തി വൽ അർള. വലാ യഊദുഹു ഹിഫ്ളുഹുമാ വഹുവൽ അലിയ്യുൽ അളീം.* അതായത്, ആകാശഭൂമികൾ സർവവും അവന്റെ സിംഹാസനത്തിനുള്ളിൽ സമാഹരിക്കപ്പെട്ടിരിക്കുന്നു. അവയെല്ലാം വഹിക്കുന്നത് അവനാണ്. അവയെ വഹിക്കുന്നത് അവനെ ഒട്ടും തന്നെ ക്ഷീണിപ്പിക്കുന്നില്ല. അവൻ അത്യുന്നതനാണ്. ഒരു യുക്തിക്കും അവന്റെ ഉള്ളറകളിലെത്താൻ സാധിക്കില്ല. അവൻ വളരെ വലിയവനാണ്. അവന്റെ മഹത്ത്വത്തിനു മുൻപിൽ എല്ലാം നിഷ്പ്രഭമാണ്. ഇതാണ് അല്ലാഹുവിന്റെ സിംഹാസനം. ഒരു ആലങ്കാരിക പ്രയോഗം മാത്രമാണിത്. ആകാശഭൂമികൾ അല്ലാഹുവിന്റെ നിയന്ത്രണത്തിലാണ് എന്ന് കാണിക്കാൻ വേണ്ടിയാണിത്. അവന്റെ സ്ഥാനം ഇവയിൽ നിന്നെല്ലാം എത്രയോ ദൂരത്താണ്. അവന്റെ മഹത്ത്വമാണെങ്കിൽ അതിരില്ലാത്തതുമാണ്.

ഹുസൂർ പറഞ്ഞു: ഈ വിഷയമാണ് നാം എപ്പോഴും മുന്നിൽ വെയ്ക്കേണ്ടത്. ഈ ആയത്ത് ഓതിയാൽ ദൈവത്തിന്റെ സംരക്ഷണമുണ്ടാകും എന്ന് നബി(സ) ഉപദേശിച്ചുവെങ്കിലും വെറും ഓതിയതു കൊണ്ടു മാത്രം കാര്യമായില്ല. മറിച്ച്, ഈ കാര്യങ്ങളിൽ ചിന്തിച്ച് അവയെ സ്വജീവിതത്തിൽ പകർത്തേണ്ട ആവശ്യകതയാണുള്ളത്. അല്ലാഹു അവയനുസരിച്ച് ജീവിക്കാനുള്ള തൗഫീഖ് നല്കുമാറാകട്ടെ.

ഖുതുബയുടെ അവസാനം ഹുസൂർ തിരുമനസ്സ് അബ്ദുൽ ഖാദിർ ഡാഹിരി സാഹിബിന്റെ ഭാര്യ ആബിദ ബീഗം സാഹിബയെ അനുസ്മരിച്ചു കൊണ്ട് ജനാസ ഗായിബ് നമസ്കരിക്കുമെന്ന് വിളംബരം ചെയ്തു.

*Friday Sermon delivered by* **Hadrath Khaleefathul Masih Al-khamis (atba)**
*at Baithul Futuh,London – on 02.02.18*
*Malayalam Translation :* ***Moulvi Arif Mohammad****, For Malayalam Desk,Qadian.*
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516